"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം നടത്തിയതുമായി ബന്ധപ്പെട്ടുള്ള ഇൻസെന്റീവ് തുക പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്**

സ.ഉ.(കൈ) നം.3/2023/FIN തീയതി,തിരുവനന്തപുരം, 05-01-2023

---

പരാമർശം:-

1. സ.ഉ (എംഎസ്) നം.324/2016/ധന തീയതി 15.08.2016
2. സ.ഉ. (സാധാ) നം.6950/2016/ധന തീയതി 23.08.2016
3. 05.12.2022-ന് ബഹു. ധന. സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനം

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. സൂചന (2) പ്രകാരം ഒരു ഗുണഭോക്താവിന് പെൻഷൻ തുക വിതരണം ചെയ്യുന്നതിന് 50/- രൂപ ഇൻസെന്റീവ് നിശ്ചയിച്ചുകൊണ്ട് ഉത്തരവായി. സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ വഴി വീടുകളിൽ വിതരണം ചെയ്യുന്നതിനുള്ള ഇൻസെന്റീവ് 50/- രൂപയിൽ നിന്ന് 30/-രൂപയായി കുറയ്ക്കുന്നതിന് സൂചന (3) പ്രകാരം തീരുമാനമായിട്ടുണ്ട്. ഇതുപ്രകാരം 25/- രൂപ ഏജന്റുമാർക്കും. 5/- രൂപ സഹകരണ സംഘങ്ങൾക്കും ലഭിക്കുന്നതാണെന്നും ടി നിരക്ക് 2021 നവംബർ മുതൽ കുടിശ്ശികയായിട്ടുള്ള ഇൻസെന്റീവിനും ബാധകമാകുന്നതാണെന്നും കൂടി തീരുമാനമായിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ. മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖാന്തിരം നേരിട്ട് വീടുകളിൽ വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് ഒരു ഗുണഭോക്താവിന് 50/- രൂപ നിരക്കിൽ നല്കി വരുന്ന ഇൻസെന്റീവ് 30/-രൂപയായി നിശ്ചയിച്ചു കൊണ്ട് ഉത്തരവാകുന്നു. ടി 30/- രൂപയിൽ, 25/- രൂപ ഏജന്റുമാർക്കും, 5/- രൂപ സഹകരണ സംഘത്തിനും ലഭിക്കുന്നതായിരിയ്ക്കും. ടി നിരക്കിന് 2021 നവംബർ മുതൽ മുൻകാല പ്രാബല്യമുണ്ടാകുന്നതായിരിക്കുമെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

സെക്രട്ടറി, സഹകരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.1587757/എസ് എഫ് സി-ബി1/133/2020/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ